**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2478** **27-02-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ പാർക്കുകളിലും എസ്റ്റേറ്റുകളിലും വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ പാർക്കുകളിലും എസ്റ്റേറ്റുകളിലും വ്യവസായ സംരംഭങ്ങൾ നടത്തുന്നത് സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിലും/ എരിയകളിലും /പ്ലോട്ടുകളിലും വ്യവസായ സംരഭങ്ങൾക്കായി ഭൂമി അനുവദിക്കുന്നത് ഹയർ പർച്ചേസ് വ്യവസ്ഥയിലാണ്. ഇവിടങ്ങളിൽ ഭൂമി ലഭിക്കുന്നതിന് ഓൺലൈനായി അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്കാണ് അപേക്ഷ നൽകേണ്ടത്. ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ ജില്ലാ/സംസ്ഥാന ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി അംഗീകാരം നൽകുന്ന മുറയ്ക്ക് അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ വർഷാവർഷം തയ്യാറാക്കുന്ന മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് വ്യവസായ ഭൂമി അനുവദിച്ച് നൽകുന്നത്. ഭൂമി അനുവദിക്കുമ്പോൾ മൊത്തം ലാന്റ് വാല്യൂവിന്റെ 50% തുക അടച്ച് അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുമായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്. ബാക്കി 50% തുക 5 തുല്യ തവണകളായി അടയ്ക്കേണ്ടതാണ്. സംരംഭകന് അനുവദിച്ച ഭൂമി പൂർണമായും വിനിയോഗിക്കുന്നതിന് 2 വർഷ കാലാവധി ലഭിക്കും. അതിനുള്ള കൊമേഴ്സ്യൽ പ്രൊഡക്ഷൻ ആരംഭിച്ചില്ലെങ്കിൽ പ്രസ്തുത ഭൂമി തിരിച്ചെടുക്കാൻ വ്യവസ്ഥയുണ്ട്. ആവശ്യമെങ്കിൽ സംരംഭകന് ലഭിച്ച വ്യവസായ ഭൂമിയിൽ സംരംഭം ആരംഭിച്ച് 3 വർഷത്തിന് ശേഷം കൈമാറ്റം ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ സിഡ്കോ, കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവ താഴെപ്പറയുന്ന വ്യവസ്ഥകളാണ് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിൻതുടരുന്നത്. |

| | | | |
|---|---|---|---|
| | | | (i)30 വർഷത്തെ പാട്ട വ്യവസ്ഥയിലാണ് ഭൂമി അലോട്ട് ചെയ്യുന്നത്. പരമാവധി 90 വർഷം വരെ ഇത്തരത്തിൽ പാട്ട വ്യവസ്ഥ പുതുക്കുന്നതിന് അവസരം ലഭിക്കും.<br><br>(ii) ഏതുതരം വ്യവസായത്തിനാണോ ഭൂമി അലോട്ട് ചെയ്യുന്നത് ആ ആവശ്യത്തിനു മാത്രമേ ഭൂമി വിനിയോഗിക്കാവൂ .<br><br>(iii) ഉപപാട്ടം അനുവദനീയമല്ല<br><br>(iv) അലോട്ട് ചെയ്യപ്പെടുന്ന ഭൂമിയിൽ 24 മാസത്തിനുള്ളിൽ വ്യവസായങ്ങൾ ആരംഭിക്കണം. |
| (ബി) | പ്രസ്തുത വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കാത്തതുമൂലം വ്യവസായ സംരംഭങ്ങൾ പലതരം പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ വിശദാംശം നൽകുമോ ? | (ബി) | വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കാത്തതുമൂലം വ്യവസായ സംരംഭങ്ങൾ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും വ്യവസായ പാർക്കുകളിലും എസ്റ്റേറ്റുകളിലും വ്യവസായ സംരംഭങ്ങൾ നടത്തുന്നത് സംബന്ധിച്ച്, യൂണിഫൈഡ് ലാൻഡ് ലീസ് റൂൾ എന്ന പേരിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര, സിഡ്കോ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവയ്ക്കായി ഒരു പൊതുചട്ടം രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ